ച്ചിട്ടില്ല. എന്നാൽ ഇതുവരെ തെരഞ്ഞെടുത്ത ചില ബ്ലോക്കുകളിൽമാത്രം നടപ്പിലാക്കിയിരുന്ന സമഗ്ര പോഷകാഹാര പദ്ധതി, സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായി ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിദിനം സൗജന്യമായി, കേന്ദ്രസർക്കാരിൽനിന്നും അരി ലഭിക്കുന്നു. പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 3 നേരത്തെ ഭക്ഷണം നൽകുന്നതിന് 24.7.1997ലെ ഉത്തരവ് നം. (ആർ.ടി.)2536/97/പൊ.വി. അനുസരിച്ച് ഒരു സ്കീം തയ്യാറാക്കിയിരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില പ്രായോഗിക വൈഷമ്യങ്ങൾ കാരണം സ്കീം നടപ്പിലാക്കാൻ കഴിഞ്ഞില്ല. ദൈനംദിന ഉച്ചഭക്ഷണ വിതരണത്തിനായി

1997-98 അദ്ധ്യയനവർഷം 60788.976 മെട്രിക്ടൺ അരിയും 1998-99 അദ്ധ്യയനവർഷം 42987.433 മെട്രിക്ടൺ അരിയും 1999-2000 വർഷം നവംബർ മാസംവരെ 34531.126 മെട്രിക്ടൺ അരിയും ഇൻഡ്യാഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഐ) ഉച്ചഭക്ഷണ വിതരണത്തിനായി കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന അരി കേരളത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഉപയോഗിക്കുന്നു. ബാക്കിവരുന്ന അരിയും സംസ്ഥാന സർക്കാർ പൊതുവിതരണ ശൃംഖലയിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിലയ്ക്കെടുക്കുന്ന അരിയും ചേർത്ത് ഉത്സവകാലങ്ങളിൽ വിദ്യാർത്ഥികൾക്ക് 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണംചെയ്യുന്നു. 1999-2000 വർഷം വിലയ്ക്കെടുത്ത അരിയുടെ അളവും വിലയും ചുവടെ ചേർക്കുന്നു.

1) ഓണം - 1999-3750 മെട്രിക് ടൺ, രൂപ 3,42,76,875/

2) ക്രിസ്തുമസ്, റംസാൻ - 19410 മെട്രിക് ടൺ, രൂപ 17,75,00,000

38 (1252) അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോസോഫ്റ്റ് കമ്പനിയുമായി സഹകരിച്ച് കേരളത്തിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുവാൻ എത്ര അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം കേന്ദ്രത്തിൽ വച്ചാണ് ട്രെയിനിംഗ് നൽകിയത് ഇതിൽ മൾട്ടി നാഷണൽ കമ്പനിയായ മൈക്രോസോഫ്റ്റിന്റെ പങ്കാളിത്തം ഏതു രീതിയിൽ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കമ്പ്യൂട്ടർ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര അദ്ധ്യാപകരെ വിദേശത്ത് പരിശീലനത്തിനോ മറ്റു പഠനത്തിനോ ആയി അയച്ചിട്ടുണ്ട്. എതെല്ലാം സ്ഥലത്ത്; ആരെയെല്ലാം; ഇതിനായി അദ്ധ്യാപകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു;

(ഡി) കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് ബഹുരാഷ്ട്ര കമ്പനിയായ മൈക്രോസോഫ്റ്റിന് വിദ്യാഭ്യാസ വകുപ്പ് ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ മൈക്രോസോഫ്റ്റുമായി സർക്കാർ എന്തെങ്കിലും എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) കമ്പ്യൂട്ടർ പരിശീലനത്തിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് മൈക്രോസോഫ്റ്റ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാന സർക്കാരിന്റെ എന്തെല്ലാം സൗകര്യങ്ങളാണ് ഈ പരിശീലനത്തിന് മൈക്രോസോഫ്റ്റിന് വിട്ടുകൊടുത്തിരുന്നത്; ഈ പരിശീലന പരിപാടി എത്രകാലത്തേയ്ക്ക് ആണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൈക്രോസോഫ്റ്റ് കമ്പനിയുമായി സഹകരിച്ച് കേരളത്തിലെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുവാൻ 903 അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	76
കൊല്ലം	:	68
കോട്ടയം	:	70
ആലപ്പുഴ	:	43
പത്തനംതിട്ട	:	62
ഇടുക്കി	:	76
എറണാകുളം	:	65
തൃശ്ശൂർ	:	80
പാലക്കാട്	:	64
മലപ്പുറം	:	78
കോഴിക്കോട്	:	69
കണ്ണൂർ	:	72
കാസർഗോഡ്	:	80
വയനാട്	:	-
ആകെ		903

(ബി) കേരളത്തിലെ 14 ജില്ലകളിൽനിന്നും ഓരോ പോളിടെക്നിക്കുകളെ ട്രെയിനിംഗ് കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്തു. അവിടെവച്ചാണ് മൈക്രോസോഫ്റ്റ് ഈ ട്രെയിനിംഗ് നൽകിയത്. പ്രസ്തുത കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാകുന്നു.

തിരുവനന്തപുരം	:	ഗവ. വിമൻസ് പോളിടെക്നിക്
കൊല്ലം	:	എസ്.എൻ. പോളിടെക്നിക്, കൊട്ടിയം
കോട്ടയം	:	ഗവ. പോളിടെക്നിക്, നാട്ടകം
ആലപ്പുഴ	:	ഗവ. പോളിടെക്നിക്, ചേർത്തല
പത്തനംതിട്ട	:	ഗവ. പോളിടെക്നിക്, വെണ്ണിക്കുളം
ഇടുക്കി	:	ഗവ. പോളിടെക്നിക്, മുട്ടം
എറണാകുളം	:	ഗവ. പോളിടെക്നിക്, കളമശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

തൃശൂർ	:	ശ്രീരാമ പോളിടെക്നിക്, തൃപ്രയാർ
പാലക്കാട്	:	ഗവ. പോളിടെക്നിക്, പാലക്കാട്
മലപ്പുറം	:	എസ്.എസ്.എം. പോളിടെക്നിക്, തിരൂർ
കോഴിക്കോട്	:	ഗവ. പോളിടെക്നിക്, കോഴിക്കോട്
കണ്ണൂർ	:	ഗവ. പോളിടെക്നിക്, കണ്ണൂർ
കാസർഗോഡ്	:	ഗവ. പോളിടെക്നിക് കാസർഗോഡ്

തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുക, എല്ലാ സെന്ററുകളിലും വച്ച് സ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനം നൽകുക, പരിശീലനത്തിന് ആവശ്യമായ സോഫ്റ്റ്വെയറുകൾ നൽകുക, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കോഴ്സ് മെറ്റീരിയൽസ് നൽകുക എന്നിവയായിരുന്നു ഈ ട്രെയിനിംഗിൽ മൈക്രോസോഫ്റ്റിന്റെ പങ്ക്.

(സി) ഈ പരിപാടിയുമായി ബന്ധപ്പെട്ട് ആരേയും വിദേശ പരിശീലനത്തിന് അയച്ചിട്ടില്ല.

(ഡി) ഈ പരിശീലന പരിപാടി തികച്ചും സൗജന്യമായിരുന്നു.

(ഇ) മൈക്രോ സോഫ്റ്റിന്റെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് "ഐ.റ്റി. എംപവർമെന്റ് ത്രൂ ടീച്ചേഴ്സ്" എന്ന പരിപാടി വിഭാവനം ചെയ്തത്. പ്രസ്തുത പരിപാടിയിൽ കേരള സർക്കാർ സഹകരിക്കുകയായിരുന്നു.

(എഫ്) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുക, തെരഞ്ഞെടുത്ത സെന്ററുകളിൽ വച്ച് സ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനം നൽകുക, പരിശീലനത്തിനാവശ്യമായ സോഫ്റ്റ്വെയർ നൽകുക, പങ്കെടുത്തവർക്കുള്ള കോഴ്സ് മെറ്റീരിയലുകൾ നൽകുക എന്നീ സൗകര്യങ്ങളാണ് മൈക്രോസോഫ്റ്റ് ഏർപ്പെടുത്തിയത്.

(ജി) തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലെ കമ്പ്യൂട്ടർ സൗകര്യം പരിശീലനത്തിന് ഉപയുക്തമാക്കി. പ്രസ്തുത പോളിടെക്നിക്കുകളിൽകൂടിയുള്ള കമ്പ്യൂട്ടർ പരിശീലനം ഒരാഴ്ചവീതം ദൈർഘ്യമുള്ളതായിരുന്നു.

39 (1253) സ്കൂളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോ സ്കൂളിനും എത്ര കമ്പ്യൂട്ടർ വീതം ഉണ്ട്; ഇതിൽ കേടായിക്കിടക്കുന്ന കമ്പ്യൂട്ടർ എത്ര; വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) കേടാകുന്ന കമ്പ്യൂട്ടർ നന്നാക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) കമ്പ്യൂട്ടർ പഠനത്തിന് പ്രത്യേക പീരിയഡുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly